**പതിമൂന്നാം കേരള നിയമസഭ**
**<u>പത്താം സമ്മേളനം</u>**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 3949**

**31.01.2014 - ൽ മറുപടിക്ക്**

**സിഡ്കോയ്ക്ക് കീഴിലുള്ള ചെറുകിട വ്യവസായ പാർക്കുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കാൻ നടപടി**

<u>ചോദ്യം</u>
ശ്രീ. കെ. രാധാകൃഷ്ണൻ

**<u>മറുപടി</u>**
**ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി**
**(വ്യവസായവും വിവര സാങ്കേതികവും വകുപ്പ് മന്ത്രി)**

(എ) സംസ്ഥാനത്ത് സിഡ്കോയ്ക്ക് കീഴിലുള്ള ചെറുകിട വ്യവസായ പാർക്കുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ബി) പ്രസ്തുത ചെറുകിട വ്യവസായ പാർക്കുകളുടെ പ്രവർത്തനങ്ങളെക്കുറിച്ച് പഠിക്കുന്നതിനും നിലവിലുള്ള വ്യവസായ സംരംഭങ്ങളെ പ്രോത്സാഹിപ്പിച്ചുകൊണ്ട് അവയെ ലാഭകരമായി പ്രവർത്തിപ്പിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

(എ)&(ബി) : സിഡ്കോയ്ക്ക് കീഴിലുള്ള ചെറുകിട വ്യവസായ പാർക്കുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനായി എല്ലാവിധ അടിസ്ഥാന സൗകര്യങ്ങളും ഒരുക്കിയാണ് സ്ഥലം അനുവദിക്കുന്നത്. മാത്രമല്ല, കാലകാലങ്ങളിൽ വ്യവസായ സ്ഥാപനങ്ങൾ നടത്തിക്കൊണ്ടു പോകുവാൻ ബുദ്ധിമുട്ട് അനുഭവപ്പെടുന്നവർക്ക്, അവർ ആവശ്യപ്പെടുന്നതനുസരിച്ച് യൂണിറ്റ് കൈമാറ്റം/യൂണിറ്റിന്റെ ഘടന മാറ്റം/പ്രവർത്തനങ്ങളുടെ മാറ്റം തുടങ്ങിയവയ്ക്ക് അനുവാദവും, ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും വായ്പ ലഭിക്കുന്നതിനായി എൻ.ഒ.സിയും നൽകി വ്യവസായികൾക്കാവശ്യമായ പ്രോത്സാഹനവും മാർഗനിർദേശങ്ങളും നൽകി വരുന്നു.

സെക്ഷൻ ഓഫീസർ